പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 477 03.03.2020 ൽ മറുപടിയ്ക്ക്

## സ്റ്റാർട്ടപ്പുകൾക്ക് പ്രോൽസാഹനം

| | ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകളെ പ്രോൽസാഹിപ്പിക്കുവാൻ ചെയ്തുവരുന്ന കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ സാങ്കേതിക സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുവാൻ സംസ്ഥാന സർക്കാർ കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ വിവിധ ഘടകങ്ങളടങ്ങിയ യുവ സംരംഭകത്വ വികസന പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. |
| (ബി) | വാണിജ്യ ഓർഡറുകൾ ലഭിച്ച സ്റ്റാർട്ടപ്പുകൾക്ക് സർക്കാർ പ്രത്യേക തരത്തിലുള്ള ഇൻസെന്റീവുകൾ നൽകിവരുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | സർക്കാർ വകുപ്പുകൾ / ഏജൻസികളിൽ നിന്നും വനിത സ്റ്റാർട്ടപ്പുകൾക്ക് ലഭിക്കുന്ന പർച്ചേസ് ഓർഡറുകൾക്ക് പദ്ധതി പൂർത്തീകരണത്തിനായി വർക്ക് ഓർഡറിന്റെ 80 ശതമാനം എന്ന നിരക്കിൽ പരമാവധി 15 ലക്ഷം രൂപ വരെ ഫാസ്റ്റ്ട്രാക്ക് സീഡ് ലോണായി നൽകിവരുന്നു. പദ്ധതി പൂർത്തിയാക്കി തുക ലഭിക്കുന്നത് വരെയോ ഒരു വർഷമോ ഏതാണോ ആദ്യം അതുവരെയാണ് ഈ സൗകര്യം ലഭ്യമാവുക. 2020-21 ലെ |

| | | | |
|---|---|---|---|
| | | | ബഡ്ജറ്റിലൂടെ പർച്ചേസ് ഓർഡറുകൾ ലഭിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് KFC/KSIDC യിലൂടെ വായ്പ അനുവദിക്കുന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളതും, പ്രസ്തുത പദ്ധതിയുടെ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. |
| (സി) | ട്രഷറിയിലെ സ്തംഭനാവസ്ഥ സ്റ്റാർട്ടപ്പുകളെ ഏതെങ്കിലും തരത്തിൽ ബാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) യും (ഡി) യും | സ്തംഭനാവസ്ഥ നിലവിലില്ല. സെക്യൂരിറ്റിയായി നൽകുവാൻ ആസ്തി ലഭ്യമല്ലാത്തതിനാൽ ബാങ്കുകൾ സ്റ്റാർട്ടപ്പ് വായ്പ ലഭ്യമാക്കാറില്ല. അതിനാൽ വായ്പകൾക്കായി സ്റ്റാർട്ടപ്പുകൾ ബാങ്കുകളെ ആശ്രയിക്കാറുമില്ല. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിന് ഏകജാലക സംവിധാനം നിലവിലില്ല. |
| (ഡി) | പുതിയ സ്റ്റാർട്ടപ്പുകൾ തുടങ്ങാൻ ബാങ്ക് വായ്പകൾ ലഭിക്കുന്നതിന് ഏകജാലക സംവിധാനം നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | | |

Sajna

സെക്ഷൻ ഓഫീസർ